ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട്.

(സി) 15-5-1999 മുതലാണ് ഇപ്പോൾ ഈടാക്കി വരുന്ന താരിഫ് നടപ്പിലാക്കിയത്.

ഇലക്ട്രിസിറ്റി ബോർഡിലെ താൽകാലിക ജീവനക്കാർ

91 (1243) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ കരാർ, ദിവസകൂലി ഇനങ്ങളിലായി ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സൂപ്പർവൈസറി തസ്തികകളിൽ പുനർനിയമനം വഴി ജോലി ചെയ്യുന്നവർ എത്ര പേരുണ്ട് ;

(സി) കൺസൾട്ടന്റുമാരായും മറ്റ് ജോലിക്കാരായും കെ.എസ്.ഇ.ബി.യിൽ എത്ര വിദേശി ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഇവർ ആരൊക്കെയാണെന്നും ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) വിദേശി ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ ശമ്പളവും ആനുകൂല്യങ്ങളും എത്രയാണെന്നു വ്യക്തമാക്കാമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എന്ത് തുക നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കെ.എസ്.ഇ.ബി.യുടെ ഉദ്യോഗസ്ഥരായി വിദേശികളാരും ജോലി ചെയ്യുന്നില്ല.

(ഡി-എഫ്) പ്രസക്തമല്ല.

എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുവാൻ നടപടി

92 (1244) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുന്നതിലേക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly